# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 706 — 11.07.2016-ൽ മറുപടിയ്ക്ക്

## ദേശീയപാത ഒഴികെയുള്ള റോഡുകളുടെ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.സുരേഷ് കുറുപ്പ്**<br>**,, ജോർജ് എം.തോമസ്**<br>**,, കെ.വി.വിജയദാസ്**<br>**,, കെ.കെ.രാമചന്ദ്രൻ നായർ** | | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയപാത ഒഴികെയുള്ള പ്രധാന റോഡുകളെ ദേശീയ നിലവാരത്തിലുള്ള റോഡുകളാക്കി മാറ്റുവാൻ ആലോചിക്കുന്നുണ്ടോ ; അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ആദ്യ ഘട്ടങ്ങളിൽ ഏതെല്ലാം റോഡുകളാണ് ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നത് ; | **(എ)** യും **(ബി)** യും | ദേശീയപാത ഒഴികെയുള്ള മറ്റ് ജില്ലാ റോഡുകൾ, ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന് MoRTH മാനദണ്ഡങ്ങൾ പ്രകാരം, സ്ഥല ലഭ്യതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച്, വീതികൂട്ടിയും ഉപരിതലം ബി.എം.&ബി.സി. പ്രകാരം പുതുക്കിയും ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (സി) ഇതിനാവശ്യമായി വരുന്ന തുക എത്രയെന്നും, ഈ തുക ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അറിയിക്കാമോ ; | (സി) | പ്രധാന റോഡുകൾ ദേശീയനിലവാരത്തിൽ ഉയർത്തുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഒഴികെ കുറഞ്ഞത് ഒരു കിലോമീറ്ററിന് 12 മുതൽ 15 കോടി രൂപ വരെ വേണ്ടി വരും. സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് ഈ തുക ഇപ്പോൾ നൽകിവരുന്നത്. |
| (ഡി) റോഡുകളുടെ നിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോ ? | (ഡി) | റോഡുകളുടെ നിർമ്മാണത്തിലെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം രൂപീകരിക്കുകയും പതിനാല് ജില്ലകളിലും ലാബുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 5 കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികളുടെ പേയ്മെന്റ് നടത്തുന്നതിന് ഗുണമേന്മ ടെസ്റ്റ് റിസൾട്ട് നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ